# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 786** — **11.03.2015- ൽ മറുപടി.**

## യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിനെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (സിസിഎച്ച്) യുടെ സെക്കന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നടപടികൾ ഇപ്പോൾ എതു ഘട്ടത്തിലാണ്; | (ബി) ആവശ്യമായ രേഖകൾ സഹിതം സി.സി.എച്ചിന് അയയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) സി.സി.എച്ച് ന്റെ സെക്കന്റ് ഷെഡ്യൂളിൽപ്പെടാത്തതുമൂലം യൂണിവേഴ്സിറ്റിയിൽ നിന്നും പുതുതായി ബിരുദം നേടുന്നവരുടെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഇത് മൂലം പുതിയ നിയമനങ്ങളിൽ (പി.എസ്.സി., എംപ്ലോയ്മെന്റ് മുഖേന ഉൾപ്പെടെ) ഇവിടെ നിന്നും ബിരുദം നേടിയവർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്-നെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (സി.സി.എച്ച്)-യുടെ സെക്കന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതോടെ ഉദ്യോഗാർത്ഥികൾക്കുള്ള ആശങ്കകൾ പരിഹരിക്കപ്പെടും. |

സെക്ഷൻ ഓഫീസർ